(ഇ) സംസ്ഥാനത്ത് കീടനാശിനികളുടെ ഉല്പാദനവും വിതരണവും നിയന്ത്രിക്കുന്ന ലൈസൻസിംഗ് അതോറിറ്റി കൃഷി വകുപ്പിൽ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന കൃഷിഡെപ്യൂട്ടി ഡയറക്ടർ (ട്രെയിനിംഗ്) ആണ്. പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന കൃഷിഭവനുകളിലെ കൃഷിയാഫീസർമാരാണ് കേന്ദ്ര ഇൻസെക്ടിസൈഡ് പ്രാവർത്തികമാക്കാൻ ചുമതലപ്പെട്ട ഇൻസെക്ടിസൈഡ് ഇൻപെക്ടർമാർ. നിരോധിക്കപ്പെട്ട കീടനാശിനികൾക്കും ഉല്പാദന/വിതരണ ലൈസൻസ് കൃഷിവകുപ്പു നൽകുന്നില്ല. ഇവ പ്രാദേശിക ഡിപ്പോകൾവഴി വിതരണം നടത്തുന്നില്ലെന്ന് ഇൻസെക്ടിസൈഡ്സ് ഇൻസ്പെക്ടർമാരും ആനുകാലിക പരിശോധനകളിലൂടെ ഉറപ്പു വരുത്തുന്നു.

ക്ഷീരോൽപ്പാദനമേഖല നേരിടുന്ന പ്രതിസന്ധി

13 (*368) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ക്ഷീരോത്പാദനമേഖല ഇപ്പോൾ അഭിവൃദ്ധിയുടെ പാതയിലല്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നുമുള്ള വിലകുറഞ്ഞ പാലിന്റെ വരവും മൾട്ടി നാഷണൽ കമ്പനികൾ ഉയർത്തുന്ന വെല്ലുവിളികളുമാണ് ഇതിനു കാരണം എന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇതു തടയുന്നതിനു സർക്കാർ നടപടി സ്വീകരിക്കുമോ ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഇല്ല.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

കേരളം കന്നുകാലിരോഗ വിമുക്തമാക്കാൻ നടപടി

14 (*369) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളം കന്നുകാലിരോഗവിമുക്ത സംസ്ഥാനമാക്കുന്നതിനെ സംബന്ധിച്ച് ആലോചിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളത്തെ കാലിരോഗ വിമുക്ത മേഖലയാക്കുന്നതിനുവേണ്ടി 50% കേന്ദ്ര സഹായത്തോടുകൂടി കുളമ്പുരോഗ നിർമ്മാർജ്ജന പദ്ധതി, 100% കേന്ദ്ര സഹായത്തോടുകൂടി കാലിവസന്ത നിർമ്മാർജ്ജന പദ്ധതി എന്നിവ നടപ്പാക്കി വരുന്നു. കുളമ്പുരോഗ നിർമ്മാർജ്ജന പദ്ധതിയിൽ തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള തെക്കൻ ജില്ലകളിൽ നാലു പ്രാവശ്യം സിസ്റ്റമാറ്റിക് വാക്സിൻ നടപ്പാക്കികഴിഞ്ഞിട്ടുണ്ട്. എറണാകുളം മുതൽ കാസർഗോഡുവരെ കഴിഞ്ഞ വർഷം മുതൽ സിസ്റ്റമാറ്റിക് വാക്സിനേഷൻ നടപ്പാക്കിവരുന്നു. ഈ കുത്തിവയ്പ് സൗജന്യമാണ്. ഇതുകൂടാതെ ദേശീയ ക്ഷീരവികസനസമിതിയുടെ സഹായത്തോടുകൂടി മുഴുവൻ ജില്ലകളെയും കാലിരോഗവിമുക്ത മേഖലയാക്കുന്നതിനുള്ള 32.36 കോടി രൂപ മതിപ്പുവരുന്ന ഒരു പദ്ധതി 5 വർഷം കൊണ്ടു നടപ്പിലാക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ചന്ദനമരങ്ങളുടെ സംരക്ഷണത്തിന് നടപടി

15 (*370) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. വി. ബാലറാം :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയെല്ലാം ചന്ദനമരങ്ങൾ സ്ഥിതിചെയ്യുന്നുണ്ട് ;

(ബി) പ്രസ്തുത ചന്ദനമരങ്ങളുടെ സംരക്ഷണത്തിന് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് ;

(സി) സംസ്ഥാനത്തെ ചന്ദന വനങ്ങളിലുള്ള ചന്ദന മരങ്ങളുടെ എണ്ണത്തിൽ കുറവു വന്നിട്ടുണ്ടോ ;

(ഡി) ഈ വനങ്ങളിൽ വിദഗ്ദ്ധ സർവേ നടത്തി മരങ്ങളുടെ സ്ഥാനം നിർണ്ണയിച്ച് ശാസ്ത്രീയമായി അവയെ പരിരക്ഷിക്കുവാൻ പരിപാടിയുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച് അടിയന്തിരമായി നടപടി കൈക്കൊള്ളുമോ ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) :

(എ) കേരളത്തിലെ വനങ്ങളിൽ കൊല്ലം സർക്കിൾ, തെന്മല ഡിവിഷനിൽ ആര്യങ്കാവ് റെയിഞ്ചിൽ കടമൺപാറ എന്ന സ്ഥലത്തും കോട്ടയം സർക്കിളിൽ മൂന്നാർ ഡിവിഷനിലും മറയൂർ റെയിഞ്ചിലും, തൃശ്ശൂർ സർക്കിളിലെ മലയാറ്റൂർ ഡിവിഷനിലും തൃശ്ശൂർ ഡിവിഷനിലെ വടക്കാഞ്ചേരി റെയിഞ്ചിലും പാലക്കാട് സർക്കിളിലെ മണ്ണാർക്കാട് ഡിവിഷനിലും കോഴിക്കോട് സർക്കിളിൽ കണ്ണൂർ ഡിവിഷനിലെ കാസർഗോഡ് റെയിഞ്ചിലും വന്യജീവി വിഭാഗത്തിനു കീഴിൽ പറമ്പിക്കുളം, വയനാട്, പീച്ചി, തേക്കടി, മൂന്നാർ, ഇടുക്കി എന്നീ സ്ഥലങ്ങളിലും ചന്ദനമരങ്ങൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly